**48 (1780) നെല്ലിയാംപതി വനമേഖല**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതി വനമേഖല സംരക്ഷിക്കുന്നത് സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ വനസംരക്ഷണം സംബന്ധിച്ച് എന്തെല്ലാം പൊതു നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ശുപാർശകളിന്മേൽ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതി സിംഗിൾ ബഞ്ച് വിധികളിലൂടെ സ്വകാര്യ വ്യക്തികൾ സ്വന്തമാക്കിയ വനഭൂമി തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശങ്ങൾ അനുബന്ധം ഒന്നിൽ കാണാവുന്നതാണ്.

(സി) വനംവകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധം 2-ൽ കാണാവുന്നതാണ്.†

(ഡി) ഉണ്ട്.

(ഇ) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവുപ്രകാരം വനഭൂമി കൈവശമുള്ള നെല്ലിയാംപതിയിലെ സീതാർ ഗുംഗ് എസ്റ്റേറ്റ് 15.5 ഏക്കർ നിക്ഷിപ്തവനം അനധികൃതമായി കൈയ്യേറി തേയില കൃഷി ചെയ്തിട്ടുണ്ട്. ഈ കയ്യേറ്റഭൂമി തിരിച്ചെടുക്കാൻ സർക്കാർ ഉത്തരവായെങ്കിലും എസ്റ്റേറ്റ് ഉടമ ഫയൽ ചെയ്ത ഒ.പി. 14165/98-ൽ ബഹു. ഹൈക്കോടതി ഭൂമി തിരിച്ചെടുക്കുന്നത് തടഞ്ഞ് ഉത്തരവായി. ഇതിനെതിരെ സർക്കാർ കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ കോടതി ഉത്തരവായിട്ടില്ല.

**49 (1781) ഇടുക്കി ജില്ലയിലെ മരംമുറി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവിൽ നിന്നും വൻതോതിൽ മരംമുറി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽ ദേവികുളം റെയിഞ്ചിൽ കല്ലാർ ഭാഗത്തുള്ള ഏലത്തോട്ടത്തിൽ നിന്നും 21 ലക്ഷം രൂപയ്ക്ക് മരം മുറിച്ചതിന് വിജിലൻസ് വിഭാഗം മഹസ്സർ എഴുതിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേസ്സ് ഇല്ലാതാക്കാൻ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വ്യാജരേഖകൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വളരെയേറെ മരങ്ങൾ മുറിച്ചുകടത്തിയ പ്രസ്തുത കേസ്സിന്റെ അന്വേഷണം മറ്റ് ഏതെങ്കിലും ഏജൻസിയെക്കൊണ്ട് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവിൽ മരംമുറി നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൂന്നാർ ഡിവിഷനിൽ ദേവികുളം റെയിഞ്ചിൽ പൊൻമുടി സെക്ഷനിലെ കള്ളിമല എസ്റ്റേറ്റിൽനിന്നും മരങ്ങൾ മുറിച്ചതിനും വൃക്ഷങ്ങളുടെ ശാഖകൾ മുറിച്ചതിനുമായി വിജിലൻസ് വിഭാഗം 21 ലക്ഷം രൂപ നഷ്ടം കണക്കാക്കി മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ വകുപ്പുതല അന്വേഷണം നടത്തിവരുകയാണ്. ആവശ്യമെന്നു കണ്ടാൽ ഏതു തരത്തിലുള്ള അന്വേഷണത്തിനും ഗവൺമെന്റ് തയ്യാറാണ്.

**50 (1782) വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ**

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണകേന്ദ്രങ്ങളും ദേശീയ ഉദ്യാനങ്ങളും എത്ര വീതമുണ്ട്;

(ബി) ഇവയുടെ സംരക്ഷണം എപ്രകാരമാണ് നിർവഹിച്ചു പോരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 12 വന്യജീവി സങ്കേതങ്ങളും 2 ദേശീയോദ്യാനങ്ങളും ഉണ്ട്.

(ബി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിപാലനത്തിനായി ഓരോ സങ്കേതത്തിനും പ്രത്യേകം വികസന പരിപാലന പദ്ധതി (മാനേജ്മെന്റ് പ്ലാൻസ്) തയ്യാറാക്കിയിട്ടുണ്ട്. സങ്കേതങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുക, വന്യമൃഗവേട്ട തടയുക, സംരക്ഷണ സംവിധാനം ശക്തമാക്കുക, ഗവേഷണ പഠനങ്ങൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളാണ് ഈ മാനേജ്മെന്റ് പ്ലാനിൽ മുഖ്യമായും പ്രതിപാദിക്കുന്നത്. വന്യജീവി സംരക്ഷണകേന്ദ്രങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly